**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 937** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പൊതുമരാമത്ത് റോഡുകളിലെ കയ്യേറ്റങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. സേനാപതി വേണു

ശ്രീ. അബിൻ വർക്കി കോടിയാട്ട്

ശ്രീ. സി. വി. ശാന്തകുമാർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** പൊതുമരാമത്ത് റോഡുകളോട് അനുബന്ധിച്ചുള്ള നടപ്പാതകൾ കയ്യേറി കച്ചവട സ്ഥാപനങ്ങൾ നടത്തിവരുന്നത് റോഡ് സുരക്ഷയ്ക്ക് ഭീഷണി ഉയർത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വ്യക്തമാക്കുമോ;

**<u>മറുപടി:</u>** ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ഫുട് പാത്തുകളിൽ പരസ്യബോർഡുകൾ സ്ഥാപിക്കുന്നതും, കച്ചവടം നടത്തുന്നതും ഉൾപ്പെടെ റോഡു കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് അതാത് പ്രദേശങ്ങളിലെ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കൃത്യമായ റോഡ് പരിശോധനകൾ നടത്താൻ നിർദ്ദേശം നൽകാറുണ്ട്. നടപ്പാതകളിലെ കയ്യേറ്റങ്ങൾ പൂർണ്ണമായും ഒഴിപ്പിച്ച്, കാൽനടയാത്രക്കാർക്ക് സുഗമമായും സുരക്ഷിതമായും യാത്ര ചെയ്യാനുള്ള സൗകര്യം ഉറപ്പുവരുത്തുന്നതിനായി കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ട് 1999, സെക്ഷൻ 15 പ്രകാരം നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നു.

Highway Protection Act പ്രകാരം കൈയേറ്റം ഒഴിപ്പിക്കുന്നതിനുള്ള നോട്ടീസ് നൽകുകയും ഒഴിയാത്ത പക്ഷം പോലീസിന്റെയും റവന്യൂ അധികൃതരുടെയും സഹായത്തോടെ കൈയേറ്റം ഒഴിപ്പിക്കാറുമുണ്ട്.

**(ബി)** പ്രസ്തുത റോഡുകളിലെ കയ്യേറ്റങ്ങൾ യഥാസമയം കണ്ടെത്താനും അവ ഒഴിപ്പിക്കാനും ഉപയുക്തമാംവിധം ഉദ്യോഗസ്ഥരുടെ റോഡ് പരിശോധന കൃത്യമായി നടത്തുവാൻ നിർദ്ദേശം നൽകുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** സുഗമമായ ഗതാഗതത്തിനും റോഡ് വികസനത്തിനും ഇത്തരം നടപ്പാതകൈയേറ്റങ്ങൾ പ്രതിസന്ധി സൃഷ്ടിക്കാറുണ്ട്. 1999 -ലെ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ചുമതല|അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ്. കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ഉള്ള നിയമാനുസൃതമല്ലാത്തതും ഗതാഗതത്തിന് തടസ്സമുണ്ടാക്കുന്നതുമായ പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിനും കൈയ്യേറിയ നടപ്പാതകൾ ഒഴിപ്പിക്കുന്നതിനും ഉള്ള നടപടി സ്വീകരിച്ചു വരുന്നു. അതിർത്തി കൃത്യമായി മനസിലാക്കി പൊതുമരാമത്ത് റോഡുകളിലെ കൈയ്യേറ്റങ്ങൾ ബോദ്ധ്യപ്പെട്ടാൽ കൈയ്യേറിയ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഹൈവേ പ്രൊട്ടക്ഷൻ ആക്ട്

പ്രകാരം നോട്ടീസ് നൽകുകയും സ്വമേധയാ ഒഴിഞ്ഞു പോകാൻ നോട്ടീസ് നൽകുന്നുണ്ട്. സ്വമേധയാ ഒഴിഞ്ഞു പോകാത്ത കൈയ്യേറ്റക്കാർക്ക് പൊതുമരാമത്ത് വകുപ്പ് നേരിട്ട് പോലീസ്,റവന്യൂ വകുപ്പുകളുടെ പങ്കാളിത്തത്തോടെ ഒഴിപ്പിച്ച്, ചെലവായതുക കയ്യേറ്റക്കാരിൽ നിന്നും ഈടാക്കി വരുന്നു.

പൊതുമരാമത്ത് ദേശീയ പാതാ വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളിൽ MoRTH guidelines പ്രകാരം അതാത് എഞ്ചിനീയർമാർ റോഡ് പരിശോധിക്കുകയും യഥാസമയം കയ്യേറ്റം കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

നടപ്പാതകളിലെ കയ്യേറ്റം അവസാനിപ്പിച്ച് കാൽനടയാത്രക്കാർക്ക് സുഗമമായി യാത്ര ചെയ്യുവാനുള്ള സൗകര്യം ഒരുക്കുന്നതിനായി അനധികൃത കൈയ്യേറ്റങ്ങൾ ഉടനടി നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**(സി)** പ്രസ്തുത റോഡുകളുടെ നടപ്പാതകളിലെ കയ്യേറ്റം അവസാനിപ്പിച്ച് കാൽനടയാത്രക്കാർക്ക് സുഗമമായി യാത്ര ചെയ്യുവാനുള്ള സൗകര്യം ഏർപ്പെടുത്തുമോ; വിശദമാക്കുമോ?

**മറുപടി:** സുഗമമായ ഗതാഗതത്തിനും റോഡ് വികസനത്തിനും ഇത്തരം നടപ്പാതകൈയേറ്റങ്ങൾ പ്രതിസന്ധി സൃഷ്ടിക്കാറുണ്ട്. 1999 -ലെ ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം കൈയേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനുള്ള ചുമതല|അതാത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കാണ്. കേരള ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റിന്റെ അടിസ്ഥാനത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡുകളിൽ ഉള്ള നിയമാനുസൃതമല്ലാത്തതും ഗതാഗതത്തിന് തടസ്സമുണ്ടാക്കുന്നതുമായ പരസ്യ ബോർഡുകൾ നീക്കം ചെയ്യുന്നതിനും കൈയ്യേറിയ നടപ്പാതകൾ ഒഴിപ്പിക്കുന്നതിനും ഉള്ള നടപടി സ്വീകരിച്ചു വരുന്നു. അതിർത്തി കൃത്യമായി മനസിലാക്കി പൊതുമരാമത്ത് റോഡുകളിലെ കൈയ്യേറ്റങ്ങൾ ബോദ്ധ്യപ്പെട്ടാൽ കൈയ്യേറിയ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ ഹൈവേ പ്രൊട്ടക്ഷൻ ആക്റ്റ് പ്രകാരം നോട്ടീസ് നൽകുകയും സ്വമേധയാ ഒഴിഞ്ഞു പോകാൻ നോട്ടീസ് നൽകുന്നുണ്ട്. സ്വമേധയാ ഒഴിഞ്ഞു പോകാത്ത കൈയ്യേറ്റക്കാർക്ക് പൊതുമരാമത്ത് വകുപ്പ് നേരിട്ട് പോലീസ്,റവന്യൂ വകുപ്പുകളുടെ പങ്കാളിത്തത്തോടെ ഒഴിപ്പിച്ച്, ചെലവായതുക കയ്യേറ്റക്കാരിൽ നിന്നും ഈടാക്കി വരുന്നു.

പൊതുമരാമത്ത് ദേശീയ പാതാ വിഭാഗത്തിന്റെ കീഴിലുള്ള റോഡുകളിൽ MoRTH guidelines പ്രകാരം അതാത് എഞ്ചിനീയർമാർ റോഡ് പരിശോധിക്കുകയും യഥാസമയം കയ്യേറ്റം കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

നടപ്പാതകളിലെ കയ്യേറ്റം അവസാനിപ്പിച്ച് കാൽനടയാത്രക്കാർക്ക് സുഗമമായി യാത്ര ചെയ്യുവാനുള്ള സൗകര്യം ഒരുക്കുന്നതിനായി അനധികൃത കൈയ്യേറ്റങ്ങൾ ഉടനടി നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**